# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2510 — 23/01/2014-ൽ മറുപടിക്ക്

### തിരുവനന്തപുരം/തൃശ്ശൂർ മൃഗശാലയിലെ ജീവനക്കാരുടെ കുറവ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ : | കുമാരി. പി.കെ. ജയലക്ഷ്മി (ബഹു.പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | തിരുവനന്തപുരം/തൃശ്ശൂർ മൃഗശാലകളിൽ നിലവിൽ എത്ര മൃഗങ്ങൾ, പക്ഷികൾ, ഇതരയിനത്തിലുള്ള ജീവികൾ എന്നിവ ഉണ്ടെന്നുള്ള വിവരം ഇനം തിരിച്ച് എണ്ണം ലഭ്യമാക്കുമോ ; | (എ) | തിരുവനന്തപുരം/തൃശ്ശൂർ മൃഗശാലകളിലുള്ള മൃഗങ്ങളുടെയും പക്ഷികളുടെയും ഇതരയിനത്തിലുള്ള ജീവികളുടെയും ഇനം തിരിച്ചുള്ള എണ്ണം താഴെ പറയുന്നു.<br>തിരുവനന്തപുരം മൃഗശാല<br>മൃഗങ്ങൾ - 423<br>പക്ഷികൾ - 198<br>ഉരഗങ്ങൾ - 76<br><br>തൃശ്ശൂർ മൃഗശാല<br>മൃഗങ്ങൾ - 379<br>പക്ഷികൾ - 89<br>ഉരഗങ്ങൾ - 69 |
| ബി) | ഈ സർക്കാർ അധികാരമേറ്റശേഷം ഏതെല്ലാം ജീവികളെ പുതിയതായി ഈ മൃഗശാലകളിലേക്ക് വാങ്ങിയിട്ടുണ്ടെന്ന വിവരം, ആയതിലേയ്ക്കായി ചെലവായ തുക സഹിതം പ്രത്യേകമായി ലഭ്യമാക്കുമോ ; | (ബി) | തിരുവനന്തപുരം മൃഗശാലയിൽ ഒരു ജോടി കരിങ്കുരങ്ങ്, ഒരു ജോടി റീസ്സസ് കുരങ്ങ്, ഒരു ഹിമാലയൻ കഴുകൻ എന്നിവ 09/7/2013 ൽ ഫോറസ്റ്റ് റസ്ക്യൂസെന്ററിൽ നിന്നും, രണ്ടു കാട്ടുമുങ്ങകളും ഒരു കോമൺ ബസാർഡും തേക്കടി വന്യജീവി സംരക്ഷണ കേന്ദ്രത്തിൽ നിന്നും 3/9/2013 ലും കൊണ്ടുവന്നു. കൂടാതെ ഒരു ജോടി ഇന്ത്യൻ കാട്ടുപോത്തിനെ മൈസൂർ മൃഗശാലയിൽ നിന്നും 26/8/2011 ന് കൈമാറ്റ വ്യവസ്ഥയിൽ മൃഗശാലയിലേയ്ക്ക് കൊണ്ടുവന്നു. ഇതിലേയ്ക്ക് ആകെ ചെലവായ തുക 65,125/- രൂപ ആണ്.<br><br>തൃശ്ശൂർ മൃഗശാലയിൽ 8 മാസം പ്രായമായ രണ്ട് എമു പക്ഷികൾ, 10 മാസം പ്രായമായ ഒരു എമുപക്ഷി എന്നിങ്ങനെ 3 എമുപക്ഷികളെ തമിഴ് നാട് വെറ്ററിനറി ആന്റ് അനിമൽ സയൻസ് യൂണിവേഴ്സിറ്റിയിൽ നിന്നും |

| | | | |
|---|---|---|---|
| | | | 06/2/2012 ന് വാങ്ങിയിട്ടുണ്ട്. ഇതിലേയ്ക്കായി ആകെ ചെലവായ തുക 40,390/- രൂപ ആണ്. |
| (സി) | ഈ സർക്കാരിന്റെ കാലത്ത് പ്രസ്തുത മൃഗശാലകളിൽ ചത്തുപോയിട്ടുള്ള ജീവികളുടെ വിവരം, ആയതിനുള്ള കാരണങ്ങൾ സഹിതം അറിയിക്കുമോ ; | (സി) | അനുബന്ധം I ആയി ചേർക്കുന്നു. |
| (ഡി) | ഈ മൃഗശാലകളിലെ നിലവിലുള്ള അനുവദനീയ തസ്തിക/നിലവിലുള്ള ജിവനക്കാരുടെ എണ്ണം എന്നിവ തസ്തിക തിരിച്ച് വ്യക്തമാക്കുമോ : | (ഡി) | തിരുവനന്തപുരം മൃഗശാലയിൽ ആകെ അനുവദനീയമായ തസ്തിക 72-ഉം നിലവിലുള്ള ജീവനക്കാരുടെ എണ്ണം 49-ഉം ആണ്. തൃശ്ശൂർ മൃഗശാലയിൽ അനുവദനീയമായ തസ്തിക 15-ഉം നിലവിലുള്ള ജീവനക്കാരുടെ എണ്ണം 8 - ഉം ആണ്. തസ്തിക തിരിച്ചുള്ള വിവരം അനുബന്ധം II ആയി ചേർക്കുന്നു. |
| (ഇ) | മൃഗശാലകളുടെ സംരക്ഷണത്തിനായി നിലവിലുള്ള ജീവനക്കാരുടെ എണ്ണം പരിമിതമാണെന്ന് നിരീക്ഷിച്ചിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിനു വേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കാമോ ? | (ഇ) | ഉണ്ട്. തിരുവനന്തപുരം മൃഗശാലയിൽ ജീവനക്കാരുടെ 23 ഒഴിവുകൾ നിലവിലുണ്ട്. ഇതിന് ആനുപാതികമായി ദിവസക്കൂലിക്കാരെ നിർത്തുന്നുണ്ട്. തിരുവനന്തപുരം മൃഗശാലയിൽ കീപ്പർ, വെറ്ററിനറി സർജൻ, ക്യൂറേറ്റർ, ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ, എന്നീ തസ്തികകൾ കൂടുതലായി വേണ്ടതിനാൽ പ്രസ്തുത തസ്തികകൾ സൃഷ്ടിക്കുന്നതിന് ആവശ്യമായ ശുപാർശ ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.<br><br>തൃശ്ശൂർ മൃഗശാലയിൽ 7 ഒഴിവുകൾ നിലവിലുണ്ട്. ഇതിന് ആനുപാതികമായി ദിവസക്കൂലിക്കാരെ നിയോഗിച്ചിട്ടുണ്ട്. |

Saradadevi

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്